## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2268** | **10.10.2011-ൽ മറുപടിക്ക്**

### അപകട വിമുക്ത നിരത്തുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി ജോർജ് | | ശ്രീ. വി. എസ്.ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | വാഹനങ്ങളുടെ എണ്ണത്തിൽ വലിയ തോതിൽ വർദ്ധനവ് ഉണ്ടായെങ്കിലും, 2005-ന് ശേഷം റോഡപകടങ്ങൾ കുറഞ്ഞു വരുന്നതായാണ് സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനാധാരമായ വിവരം ചുവടെ ചേർക്കുന്നു.<br>**വർഷം** — **അപകടങ്ങളുടെ എണ്ണം**<br>2005 - 42363<br>2006 - 41647<br>2007 - 39917<br>2008 - 37263<br>2009 - 35433<br>2010 - 35044<br>2011 (ആഗസ്റ്റ് വരെ) - 23503 |
| (ബി) | അപകട വിമുക്ത നിരത്തുകൾ എന്ന ലക്ഷ്യം മുൻനിർത്തി എന്തെങ്കിലും കർമ്മപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | ഉണ്ട്, അപകടരഹിത റോഡ് എന്ന ലക്ഷ്യം മുൻനിറുത്തി കേരള റോഡ് സേഫ്റ്റി അതോറിറ്റി വിഭാവനം ചെയ്ത പദ്ധതിയാണ് മാതൃകാ റോഡ് പദ്ധതി. അപകടമരണങ്ങൾ വർദ്ധിക്കുന്ന പശ്ചാത്തലത്തിലാണ് അപകടരഹിത റോഡ് സംവിധാനം എന്ന ആശയം അതോറിറ്റിയുടെ ശുപാർശയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പോലീസ് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നത്.<br>**<u>മാതൃക റോഡ് പദ്ധതി</u>**<br>മാതൃക റോഡ് നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് 2 കോടി 27 ലക്ഷം രൂപ നല്കിയിട്ടുണ്ട്.<br>കൊല്ലം - കോവളം, മുട്ടം- തൊടുപുഴ, വൈറ്റില-മണ്ണുത്തി, തൊടുപുഴ- അങ്കമാലി, ശബരിമല റോഡുകളായ വടശ്ശേരിക്കര- പമ്പ , എരുമേലി- പ്ലാപ്പള്ളി എന്നീ ആറ് റോഡുകളെ തെരഞ്ഞെടുത്ത് അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും , സൈൻ - ബോർഡുകളും, അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത ഉദ്യമം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തു വരുന്നത്.<br>കൊല്ലം - കോവളം റോഡിനെ മാതൃകാ റോഡായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു.<br>തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ തിരഞ്ഞെടുത്ത റോഡുകളെ മാതൃകാ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കേരള റോഡ് സേഫ്റ്റി അതോറിറ്റി |

| | | | |
|---|---|---|---|
| | | | (കെ.ആർ.എസ്.എ) തീരുമാനിച്ചിട്ടുണ്ട്. കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പ്, അവരുടെ നിയന്ത്രണത്തിൽ ചേർത്തല- മണ്ണുത്തി റോഡിനെ മാതൃകാ റോഡായി പ്രഖ്യാപിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റോഡിലെ ജംഗ്ഷനുകളിലും, വീഥികളിലും റെഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റവും, ഓവർസ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റവും ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കികൊണ്ട് അപകടരഹിത റോഡ് സംവിധാനത്തിനായുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.<br>പൂർണ്ണമായും അപകടങ്ങൾ കുറയ്ക്കാൻ കഴിഞ്ഞില്ലെങ്കിലും ഇതര റോഡുകളെ അപേക്ഷിച്ച് അപകടങ്ങൾ നിയന്ത്രിക്കുവാൻ മാതൃകാ റോഡ് പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നുവോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ? | (സി) | അതെ, വലിയതോതിലുള്ള വാഹനങ്ങളുടെ വർദ്ധനവും ഗതാഗത നിയമങ്ങൾ പാലിക്കുന്നതിൽ കേരളീയ സമൂഹം പുലർത്തുന്ന നിഷേധാത്മക സമീപനവും വാഹനാപകടങ്ങൾ കുറയ്ക്കുവാൻ സാധിക്കാത്തതിന്റെ പ്രധാന കാരണങ്ങളാണ്. ഗതാഗത നിയമ സംവിധാനങ്ങളുടെ കർശനമായ പാലനം ഉറപ്പ് വരുത്തുക എന്നത് വാഹനാപകട നിയന്ത്രണത്തിന് അനിവാര്യമായ ഘടകമാണ്. എന്നാൽ വാഹനങ്ങൾ വർദ്ധിക്കുന്നതിനാനുപാതികമായി മോട്ടോർ വാഹന വകുപ്പിൽ ഗതാഗത നിയമം നടപ്പിലാകുന്നതിനുള്ള ജീവനക്കാരുടെ എണ്ണം ഇല്ല എന്നതാണ് ഗതാഗതനിയമ സംവിധാനപാലനം ഉറപ്പ് വരുത്തി അപകടങ്ങൾ നിയന്ത്രിക്കാനാകാത്തതിന്റെ പ്രധാന കാരണം. മോട്ടോർ |

| | | | |
|---|---|---|---|
| | | | വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ 4 ആർ.റ്റി.ഒ മാർ, 17 ജോയിന്റ് ആർ.റ്റി.ഒ മാർ, 47 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ, 141 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പക്ടർമാർ, 47 പ്യൂൺമാർ, 47 ഡ്രൈവർമാർ എന്നിങ്ങനെ 303 തസ്തികകൾ ഉൾപ്പെടുത്തി പുതുതായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ